# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 6/216/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 06/03/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 6/216/2023 തീയ്യതി: 06/03/2023

## കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രത്നസിംഗ്.കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 09-02-2023 | 20-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-02-2023 | 20-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ

ശ്രീ.എൻ.രാജീവൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അനൂപ്.കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഷിബിൻ.കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അലക്സ് തോമസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഗിരീഷ് കുമാർ. കെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബൈജു തോമസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.അബ്ദുറഹിമാൻ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2021 | 31-03-2022 |
| ഡോ.ബിന്ദു.വി.കെ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.ജിഷ്ണ .കെ.എ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീ.ഷബീർ അഹമ്മദ്.കെ | കൃഷി ഓഫീസർ | 01-04-2021 | 12-12-2021 |
| ശ്രീമതി. രമ്യ രാജൻ വി | കൃഷി ഓഫീസർ | 13-12-2021 | 31-03-2022 |
| ഡോ.മുജീബ് റഹ്മാൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഫസീല.കെ.കെ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ. വിനോദ് വർഗ്ഗീസ് | വി.ഇ.ഒ | 26-10-2021 | 31-03-2022 |
| ശ്രീമതി.റെജിമോൾ.കെ.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജമീല.പി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.മെർലിൻ അലക്സ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.ഉനൈസ് അലി.സി.പി. | വി.ഇ.ഒ | 01-04-2021 | 17-10-2021 |
| ശ്രീ ബെന്നി വി | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ.അരുൺ ചന്ദ് വി സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | 250 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തൃതിയുള്ള പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് വസ്തു നികുതി വർദ്ധനവ് വരുത്തുന്നില്ല | 1-11 |
| 12 | റോഡുകൾ എണ്ണം,തരം - റോഡ് മാസ്റ്റർ , ആസ്തി രജിസ്റ്റർ കണക്കുകളിൽ വ്യത്യാസം | 1-12 |
| 13 | റോഡുകളുടെ വീതി തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു | 1-13 |
| 14 | കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു - നികുതി നഷ്ടം സംഭവിക്കുന്നു | 1-14 |
| 15 | തൊഴിൽ നികുതി - അപാകതകൾ | 1-15 |
| 16 | വാതിൽപ്പടി സേവനം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-16 |
| 17 | എസ്.എസ്.എ പദ്ധതി നടത്തിപ്പിൽ ഗ്രാമ പഞ്ചായത്ത് പങ്ക് വഹിച്ചില്ല. | 1-17 |
| 18 | കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വരിസംഖ്യ നൽകുന്നു - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല. | 1-18 |
| 19 | ടേക്ക് എ ബ്രേക്ക് - ഒരു പദ്ധതിക്ക് നിരവധി പ്രൊജക്റ്റുകൾ | 1-19 |
| 20 | അംഗനവാടികളിൽ കുടിവെള്ള സൗകര്യമില്ലാത്തത് | 1-20 |
| 21 | ജനജാഗ്രതാ സമിതി പ്രവർത്തനം - തുക തെറ്റായ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകി | 1-21 |
| 22 | എസ്. സി വിദ്യാർത്ഥികൾക്ക് പഠനമുറി - പണി പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 23 | കേരള വാട്ടർ അതോറിറ്റി, കെ. എസ്. ഇ. ബി എന്നിവയിൽ തുക | 1-23 |

| | | |
|---|---|---|
| | ഡെപ്പോസിറ്റ് ചെയ്തു - പ്രവൃത്തികളുടെ പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമല്ല | |
| 24 | അസിസ്റ്റന്റ് എഞ്ചിനീയർ / എം. ജി. എൻ. ആർ. ഇ. ജി. എസ് ഓഫീസുകളിലേക്ക് കമ്പ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങൽ - പ്രിന്ററുകൾ നാളിതു വരെ ലഭിച്ചില്ല. | 1-24 |
| 25 | അഡീഷണൽ പെർഫോമൻസ് ഗ്യരണ്ടി - സർക്കാർ ഉത്തരവ് പാലിക്കുന്നതിൽ വീഴ്ച | 1-25 |
| 26 | പദ്ധതികളുടെ ആധിക്യം കാരണം പൊതുമരാമത്തു മേഖലയിൽ സ്പിൽ ഓവർ പ്രവർത്തികൾ വർധിക്കുന്നു | 1-26 |
| 27 | മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ | 1-27 |
| 28 | എം. ജി. എൻ. ആർ. ഇ. ജി. എസ്. പദ്ധതി - നടത്തിപ്പിലെ അപാകതകൾ | 1-28 |
| 29 | തൊഴിലുറപ്പു പദ്ധതിയിൽ സോളിംഗ് നടത്തിയ പദ്ധതികൾ സമയ ബന്ധിതമായി ടാറിംഗ് ചെയ്യുന്നതിന് പദ്ധതിയില്ല | 1-29 |
| 30 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി - കുടുംബ സംഗമം നടത്താത്തതും മറ്റ് അപാകതകളും | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ജനജാഗ്രതാ സമിതി പ്രവർത്തനം - തുക തെറ്റായ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകി | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 17.02.2021 തീയതിയിലെ 01 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 17.03.2022ലെ 2/1 നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കി.2021-22 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 29121348 |
| വരവ് | 287781608 |
| ആകെ | 316902956 |
| ചെലവ് | 309060000 |
| നീക്കിയിരിപ്പ് | 7842596 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 31.07.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26931053 |
| ഓഡിറ്റ് വർഷത്തെ വരവ് | 134582928 |
| ആകെ | 161513981 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 135492764 |
| നീക്കിയിരിപ്പ് | 26021217 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം (A) | മുന്നിരിപ്പ് (B) | വരവ് (C) | ആകെ (D) | ചെലവ് (E) | ആകെ-ചെലവ് (F= D-E) |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (എ. സി. ആർ പ്രകാരം) | 0 | 28531099 | 28531099 | 28493387 | 37712 |
| വികസന ഫണ്ട് – എസ്.സി.പി (എ. സി. ആർ പ്രകാരം) | 0 | 3661155 | 3661155 | 3661155 | 0 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് – ടി.എസ്.പി (എ. സി. ആർ പ്രകാരം) | 0 | 3656679 | 3656679 | 3456699 | 199980 |
| മെയിന്റനൻസ്, റോഡ് (എ. സി. ആർ പ്രകാരം) | 0 | 22785000 | 22785000 | 18399768 | 4385232 |
| മെയിന്റനൻസ്, നോൺ-റോഡ് (എ. സി. ആർ പ്രകാരം) | 0 | 10691800 | 10691800 | 7408872 | 3282928 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് (ട്രഷറി മുഖേന) | 0 | 1364243 | 1364243 | 983739 | 380504 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് ( PFMS മുഖേന) | 0 | 5755000 | 5755000 | 4529566 | 1225434 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 5723133 | 5723133 | 3424344 | 2298789 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (PFMS മുഖേന) | 0 | 8632000 | 8632000 | 4612071 | 4019929 |

1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം. തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചപ്പോൾ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കേഷനും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്ന് കണ്ടു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 331 | 169385802 | 256 | 108078202 | 11 | 64 | 77.34 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 8339 | 1407335 | 1415674 | 1385437 | 30237 |
| ഗുണഭോക്താക്കൾക്ക് നല്കുന്ന തുക | 0 | 32828967 | 32828967 | 32828967 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 104160 | 47 |
| കർഷക തൊഴിലാളി പെൻഷൻ | 13179800 | 964 |
| വിധവാ പെൻഷൻ | 18055000 | 1270 |
| വാർദ്ധക്യകാല പെൻഷൻ | 38964600 | 3127 |
| വികലാംഗ പെൻഷൻ | 7187200 | 492 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 507200 | 37 |
| വിവാഹ ധനസഹായം | 450000 | 15 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.02.2023 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28,050/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 വാർഷിക കണക്കിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ ബി-14 Closing Stock - Stores എന്ന ശീർഷകത്തിൽ 49,500/- രൂപ ബാലൻസായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ സംക്ഷിപ്തം കൃത്യമായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ ബി-7 പ്രകാരം കാലഹരണപ്പെട്ട Supplier's EMD, Contractors Retention, Other Deposits ഇനങ്ങളിൽ നീക്കിയിരിപ്പുള്ള തുകകൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

4. ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ ബി-18 പ്രകാരം തിരികെ ഈടാക്കാൻ ബാക്കിയുള്ള താഴെ പറയുന്ന തുകകൾ അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഇനം | വാർഷിക കണക്കിലെ തുക | അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|---|
| 1 | Temporary Advance For Official Purpose | 369519 | 1270599 |
| 2 | Advance To Implementing Officers | 268528 | 152250 |

(ഇത് 21.01.2023 ൽ ജേർണൽ ചെയ്ത് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്)

5. ഗ്രാമപഞ്ചായത്തിൽ E-Tender ഫീ ഇനത്തിലെ വരവ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് നേരിട്ട് പോകുന്നതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ ഇനത്തിൽ നാളിതുവരെയുള്ള വരവ് തുക കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല. പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഈ ഇനത്തിൽ ഉള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ, റേഷ്യോസ്, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

7. പഞ്ചായത്തിന് വിവിധ ഇനങ്ങളിൽ (ഉദാ:- വസ്തുനികുതി, ജനന/മരണ രജിസ്ട്രേഷൻ മുതലായവ) ഓൺലൈനായി ലഭിക്കുന്ന തുകകൾ അതാത് സമയം, ബാങ്ക് അക്കൗണ്ടിൽ ( SBT-E Receipt – 67389604638) ക്രെഡിറ്റ് ആവുന്നില്ല. സാമ്പത്തിക വർഷാവസാനത്തിൽ ലഭിക്കുന്ന ഇത്തരത്തിലുള്ള തുകകൾ വാർഷിക കണക്കിൽ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ ഉൾപ്പെടുത്തുന്നില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകളെ സംബന്ധിച്ച് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ആവർത്തിച്ച് പരാമർശിച്ചിട്ടും നിലവിലും പ്രകടമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ല. വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. കൈമാറ്റം ചെയ്ത സ്ഥാപനങ്ങളുടെ കണ്ടിജൻസ് ചെലവിനായി അനുവദിച്ച തുകയുടെ ചെലവ് വിവരം, വിനിയോഗം എന്നിവ പഞ്ചായത്ത് പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ല. 250 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തൃതിയുള്ള പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് വസ്തു നികുതി വർദ്ധനവ് വരുത്താത്തതായും റോഡുകളുടെ വീതി തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നതായും കാണുന്നു.

വാതിൽപ്പടി സേവനവുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിക്കുന്നില്ല. ഗ്രാമ പഞ്ചായത്തിൽ പദ്ധതികളുടെ ആധിക്യം കാരണം പൊതുമരാമത്തു മേഖലയിൽ സ്പിൽ ഓവർ പ്രവർത്തികൾ വർധിക്കുന്നതായി കാണുന്നു. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനു പകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക്

പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി അവലംബിച്ചു കാണുന്നു. വാങ്ങലുകൾ നടത്തുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. മേൽ വിഷയങ്ങളിൽ പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

1-11 250 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തൃതിയുള്ള പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് വസ്തു നികുതി വർദ്ധനവ് വരുത്തുന്നില്ല

1994 – ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 23, 2011 – ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം അതതു പഞ്ചായത്ത് പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു.
പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6 കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ് / വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനവുണ്ട്.

കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം ഫോറം 6 പ്രകാരം പരിശോധിച്ചതിൽ താഴെപറയുന്ന 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾക്ക് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല.

1)

| | |
|---|---|
| ഉടമസ്ഥന്റെ പേര്, വിലാസം | ആലീസ്, കൊരംകോട്ട്, കോടഞ്ചേരി |
| റീ. സ നമ്പർ | 35/22, 39/69 |
| വില്ലേജ് | കോടഞ്ചേരി |
| താലൂക്ക് | താമരശ്ശേരി |
| മേഖല | പ്രഥമം |
| പ്ലോട്ട് ഏരിയ | 9.71 ആർസ് |
| അനുവദിച്ച കെട്ടിട നമ്പർ | 19/393 A |
| കെട്ടിടത്തിന്റെ തറവിസ്തീർണ്ണം | $169.36m^2$ (താഴത്തെനില) + $104.96m^2$ (ഒന്നാം നില)=$274.32 M^2$ |
| അടിസ്ഥാന വസ്തു നികുതി നിരക്ക്(ച.മി) | 4 |

2)

| | |
|---|---|
| ഉടമസ്ഥന്റെ പേര്, വിലാസം | സജി മാത്യു, വേലിക്കകത്ത്, കോടഞ്ചേരി |
| റീ.സ നമ്പർ | 15/2385 |
| വില്ലേജ് | കോടഞ്ചേരി |

| | |
|---|---|
| താലൂക്ക് | താമരശ്ശേരി |
| മേഖല | ത്രിതീയം |
| അനുവദിച്ച കെട്ടിട നമ്പർ | 14/367 B |
| കെട്ടിടത്തിന്റെ തറവിസ്തീർണ്ണം | 163.29 $M^2$ (താഴത്തെ നില) + 101.47 $M^2$ (ഒന്നാം നില)=264.76 $M^2$ |
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച. മി) | 4 |

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12.8) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.
250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ ചുമതലയുള്ള വാർഡ് ക്ലാർക്കുമാർ മുഖേന പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി/ ഇറ്റാലിയൻ മാർബിൾ/ ഗ്രാനൈറ്റ്/ തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർധന ചുമത്തി നികുതി നിർണ്ണയിച്ച് ഉയർന്ന നിരക്കിലുള്ള നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-12 റോഡുകൾ എണ്ണം,തരം - റോഡ് മാസ്റ്റർ , ആസ്തി രജിസ്റ്റർ കണക്കുകളിൽ വ്യത്യാസം

കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയറിലെ റോഡ് മാസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ റോഡുകളുടെ എണ്ണം 406 ആണ്. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 441 റോഡുകൾ സ്ഥാപനത്തിലുണ്ട്.

| റോഡുകൾ എണ്ണം , തരം | ആസ്തി രജിസ്റ്റർ പ്രകാരം | റോഡ് മാസ്റ്റർ പ്രകാരം |
|---|---|---|
| ആകെ റോഡുകളുടെ എണ്ണം | 441 | 406 |
| അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകൾ | 168 | 188 |
| അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുകൾ | 264 | 217 |
| ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡുകൾ | 9 | 1 |

ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യതയുണ്ടെന്ന് നികുതി നിർണ്ണയ നടപടിക്രമം പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. സോഫ്റ്റ് വെയറിൽ സ്ഥാപനത്തിലെ 406 റോഡുകളുടെ പേരുവിവരം മാത്രം രേഖപ്പെടുത്തിയതിനാൽ നികുതി നിർണ്ണയിക്കുമ്പോൾ ഓരോ വാർഡിലേയും റോഡുകളുടെ പേരുകൾ ഫീൽഡിൽ ഓപ്ഷനായി വരുന്നില്ല. ചില വാർഡുകളുടെ കാര്യത്തിൽ ഒരു റോഡ് പോലും വരാതിരിക്കുമ്പോൾ ചില വാർഡുകളുടെ കാര്യത്തിൽ ഒന്നോ രണ്ടോ റോഡ് മാത്രം ഓപ്ഷനായി വരുന്നു.

ഇത്തരം സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കമാർ 'മറ്റുള്ളവ' എന്ന് ഓപ്ഷൻ തെരെഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാന്വലായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിൽ നാലു ഓപ്ഷനുകൾ വരുന്നുണ്ട്. വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയാണ് ഈ ഓപ്ഷനുകൾ. മിക്ക റോഡുകളും ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ എന്ന ഓപ്ഷനാണ് തെരെഞ്ഞെടുക്കപ്പെടുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. റോഡിന്റെ യഥാർത്ഥ വീതി, നീളം എന്നിവ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായിരിക്കും എന്നത് ഇവിടെ പ്രസക്തമാണ്. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് നികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് കാണാം (ഖണ്ഡിക 1-13 കാണുക).

റോഡ് മാസ്റ്റർ, ആസ്തി രജിസ്റ്റർ കണക്കുകളിൽ വ്യത്യാസം പരിശോധിച്ച് നികുതി നിർണ്ണയത്തിലെ അപാകതകൾക്കുള്ള സാധ്യത ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 റോഡുകളുടെ വീതി തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തേണ്ടതാണ്. അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങൾക്ക് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഇളവുകളും വർദ്ധനവുകളും വരുത്തേണ്ടതില്ല.

കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ ന്യൂ ബിൽഡിംഗ് രജിസ്റ്റർ, നമ്പറിംഗ് ഫയലുകൾ, സഞ്ചയ സോഫ്റ്റ് വെയറിലെ നികുതി നിർണ്ണയം എന്നിവ പരിശോധിച്ചപ്പോൾ താഴെപറയുന്ന പാർപ്പിടാവശ്യ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയത്തിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് രേഖപ്പെടുത്താത്തതായി കണ്ടു.

| | |
|---|---|
| ഉടമസ്ഥന്റെ പേര്, വിലാസം | വർഗീസ്, ജിജോ വർഗീസ്, അതിരുമ്പുഴയിൽ, ചെമ്പുകടവ് |
| റീ. സ നമ്പർ | 15/6587 |
| വില്ലേജ് | കോടഞ്ചേരി |
| താലൂക്ക് | താമരശ്ശേരി |
| മേഖല | ദ്വിതീയം |
| പ്ലോട്ട് ഏരിയ | 4.05 ആർസ് |
| അനുവദിച്ച കെട്ടിട നമ്പർ | 4/134 A |
| കെട്ടിടത്തിന്റെ തറവിസ്തീർണ്ണം | 100.53 $M^2$ (താഴത്തെ നില) + 88.19 $M^2$ (ഒന്നാം നില)= 188.72 $M^2$ |
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച. മി) | 4 |

എൽ.എസ്.ജി.ഡി അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം 12 മീറ്റർ വീതിയുള്ള പി.ഡബ്ല്യു.ഡി

റോഡിൽ നിന്നാണ് മേൽ കെട്ടിടത്തിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗം. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള നൻമണ്ട പ്രൈവറ്റ് റോഡിൽ നിന്നാണ് പ്രവേശന മാർഗ്ഗം രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ ചുമത്തേണ്ട 20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 4 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി (ഇളവ് - 10% മേഖല) | യഥാർത്ഥത്തിൽ 4 രൂപ നിരക്കിൽ നിർണ്ണയിക്കേണ്ട വസ്തു നികുതി (ഇളവ് - 10% മേഖല, വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 4/134 A | 188.72 $M^2$, പാർപ്പിടാവശ്യം | 680 + 34 (5% LC) = 714 | 831 + 42 (5% LC) = 873 |
| നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (831 + 42 ) - (680 + 34 )<br>151 + 8 (5% LC) = 159 | | | |

സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ വിവരം കൃത്യമല്ലെന്നാണ് മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ പരിശോധനയിൽ നിന്ന് വ്യക്തമാകുന്നത്. കെട്ടിടത്തിന് നമ്പർ അനുവദിച്ച ശേഷം അടിസ്ഥാന വസ്തുനികുതിയിൽ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി ഇളവുകളും വർദ്ധനവുകളും നൽകുന്നതിൽ സ്ഥാപനം കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. 2011 ലെ ചട്ടങ്ങൾക്ക് ശേഷം നികുതി നിർണ്ണയിച്ച പുതിയ കെട്ടിടങ്ങളുടെ നികുതിനിർണ്ണയം എല്ലാം തന്നെ പുന:പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാന മാർഗമെന്ന നിലയിൽ കെട്ടിടനികുതി കണക്കാക്കുന്നതിലെ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. മേൽ പരാമർശിച്ച കെട്ടിടത്തിന്റെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ പുനർനിർണ്ണയിച്ച് കുറവ് വന്ന നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഇത്തരത്തിലുള്ള മറ്റ് കെട്ടിടങ്ങളുടേയും നികുതി നിർണയം പുന:പരിശോധിച്ച് അപാകതകളുണ്ടെങ്കിൽ പരിഹരിക്കേണ്ടതാണ്.

## 1-14 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു - നികുതി നഷ്ടം സംഭവിക്കുന്നു

കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ സംരംഭക ലൈസൻസ് രജിസ്റ്റർ പ്രകാരം 482 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ വാണിജ്യ സ്ഥാപനങ്ങളായാണ് നികുതി നിർണയിക്കുമ്പോൾ കണക്കാക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ സംരംഭക ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ പരിശോധിച്ചപ്പോൾ, തെറ്റായി കാണിച്ചതും സഞ്ചയയിൽ രേഖപ്പെടുത്താത്തതും ശ്രദ്ധയിൽപെട്ടു.

| ഡി&ഒ ലൈസൻസ് രജിസ്റ്ററിലെ അപേക്ഷ നമ്പർ, അപേക്ഷകന്റെ പേര്, വിലാസം | രജിസ്റ്റർ പ്രകാരം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരം | വാർഡ്/കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗ ക്രമം |
|---|---|---|---|---|
| 37 എം.പി.ചാക്കോ, മുട്ടത്ത് | മലഞ്ചരക്ക് വിൽപന | 17/583 | ഷൈനി, കുന്നംകോട്, കോടഞ്ചേരി | പാർപ്പിടാവശ്യം |
| 63 ജോർജ് ജോസഫ്, എടപ്പാട്ടുകാവുമ്മൽ, മൈക്കാവ് | മെറ്റൽ,സാന്റ് & സ്റ്റോക്ക് സെയിൽസ് | 14/614 A | ജോർജ് ജോസഫ് | പാർപ്പിടാവശ്യം |

ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി വാണിജ്യാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതായി ഇതിൽ നിന്നും വ്യക്തമാവുന്നു. ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ വിവരം കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ അറിയിക്കാത്തതാണ് അപാകതയ്ക്ക് കാരണമാകുന്നത്. വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പല കെട്ടിടങ്ങളുടെയും ഉപയോഗക്രമം സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചപ്പോൾ കെട്ടിടം നിലവിലില്ല എന്ന രേഖപ്പെടുത്തിയിരിക്കുന്നു. പല ലൈസൻസ് അപേക്ഷകളിൽ ഫീൽഡ് പരിശോധന കാര്യക്ഷമമല്ലാത്തതും അപാകതയ്ക്ക് കാരണമാവുന്നു. ഇത് കാരണം ഗ്രാമപഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നതിന് കാരണമാകുന്നു. ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തി അത്തരം കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയവയുടെ നികുതി പുനർനിർണ്ണയിച്ച് അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

## 1-15 തൊഴിൽ നികുതി - അപാകതകൾ

### (I) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. 2021-22 സാമ്പത്തിക വർഷം കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ശ്രീ. ഗോപാലകൃഷ്ണൻ കെ. എം, കുന്നത്ത്, പൊന്നാങ്കയം, തിരുവമ്പാടി

2) ശ്രീ. വി. സി ജോസ്, വിലങ്ങൻപാറ, വേനപ്പാറ

3) ശ്രീ. ബിജോ കെ. പി, കാരക്കാട്ട് പുത്തൻപുരയിൽ, പുല്ലൂരാൻപാറ

4) ശ്രീ. ശരത് സെബാസ്റ്റ്യൻ, ചിറ്റാട്ടുവടക്കേൽ, പുല്ലൂരാൻപാറ, തിരുവമ്പാടി

5) ശ്രീ. രാജു പി. ജെ, പറക്കണ്ടത്തിൽ, മൈക്കാവ്

6) ശ്രീ. അബ്ദുൾ ബഷീർ, ചേരാട്ട്, കരുവശ്ശേരി (പി. ഒ), കോഴിക്കോട്

7) ശ്രീ. റെജി സി. ജെ, ചാഞ്ഞപ്ലാക്കൽ, മൈകാവ്

8) ശ്രീ. ജോബിഷ്, കുറ്റിശ്ശേരി കുടിയിൽ (H), മൈകാവ്

9) ശ്രീ. അദായി കെ. വി, കർത്തനിക്കട്ടി (H), കൂടത്തായി

10) ശ്രീ. വിജയൻ വി. കെ, തവന്നൂർ, ഓമശ്ശേരി

11) ശ്രീ. അജ്നാസ് പി. സി, പന്നിവെട്ടുംചാലിൽ, കണ്ണാടിപൊയിൽ (പി. ഒ)

12) ശ്രീ. എൽദോ കെ. എം, കൊത്തപ്ലാക്കൽ, മൈക്കാവ്

13) ശ്രീ. കെ. ബി. ശിവപ്രതാപൻ, ഈസ്റ്റ് കോട്ടപ്പറമ്പ, ചാലപ്പുറം (പി. ഒ)

14) ശ്രീ. പി. സി. മൊയ്തീൻ, പന്നിവെട്ടുംചാലിൽ, കണ്ണാടിപൊയിൽ (പി. ഒ)

li) അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) വിമല ഹോസ്പിറ്റൽ, നെല്ലിപ്പൊയിൽ

2) തോംസൺ വാട്ടർ സർവീസ് സെന്റർ

3) ക്ഷീരോൽപ്പാദന സഹകരണസംഘം, മൈക്കാവ്

4) ഗവ. എൽ. പി. സ്കൂൾ, മുറമ്പാത്തി

5) യൂറോ സാന്റ്

കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 (ഖണ്ഡിക : 1-9), 2020-21 (ഖണ്ഡിക : 1-17) വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമല്ല എന്ന് പരാമർശിച്ചിട്ടുള്ളതാണ്.

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 2,221 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2021-22 വർഷത്തിൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം 61 ആണ്. അതായത് 2,160 കെട്ടിടങ്ങൾ നിലവിൽ ഉപയോഗിക്കപ്പെടുത്തുന്നുണ്ടെന്ന് കാണാം. ഓഡിറ്റ് വർഷത്തെ ഡി. & ഒ. ലൈസൻസ് രജിസ്റ്റർ പ്രകാരം 482 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ഡി. & ഒ. ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 612 ആണ്. അതായത് അവശേഷിക്കുന്ന 1,548 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ

മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 19/21-22, തീ. – 20.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഖണ്ഡികയിൽൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-16 വാതിൽപ്പടി സേവനം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പ്രായാധിക്യം, ഗുരുതരരോഗം, അതിദാരിദ്ര്യം തുടങ്ങിയ വിവിധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവർക്കും അറിവില്ലായ്മയാലും മറ്റു പ്രശ്നങ്ങളാലും അടിസ്ഥാന സർക്കാർ സേവനങ്ങൾ യഥാസമയം ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന ജനവിഭാഗങ്ങൾക്കും വീട്ടുപടിക്കൽ സർക്കാർ സേവനങ്ങളും ജീവൻരക്ഷാ മരുന്നുകളും എത്തിക്കുവാൻ ലക്ഷ്യമിടുന്ന വാതിൽപ്പടി സേവനപദ്ധതിയുടെ നിർവഹണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 31.05.2021ലെ സ.ഉ.(സാധാ) നം.1066/2021 /ത.സ്വ.ഭ.വ പ്രകാരവും അധികമാർഗ്ഗനിർദ്ദേശങ്ങൾ 24.08.2021ലെ സ.ഉ.(സാധാ) നം.1607/2021 /ത.സ്വ.ഭ.വ പ്രകാരവും പുറപ്പെടുവിച്ചിരുന്നു.

മേൽ ഉത്തരവ് പ്രകാരം വാതിൽപ്പടി സേവനപദ്ധതിയുടെ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡന്റ്/ചെയർപേഴ്സൺ/കമ്മിറ്റി കോ – ഓർഡിനേറ്ററുടെയും പേരിൽ ഒരു സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കണം. വ്യക്തികളിൽ നിന്നുള്ള സംഭാവന, സി.എസ്.ആർ, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി, സ്പോൺസർഷിപ്പ് എന്നിവയിലൂടെ ധനം സ്വരൂപിക്കുന്നതിന് ഉത്തരവിന്റെ അനുബന്ധം 1 ലെ രസീത് മാതൃക ഉപയോഗപ്പെടുത്തി ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് രസീത് അച്ചടിക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ രീതിയിൽ സ്വീകരിക്കുന്ന തുക, തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പ്രത്യേക ഫണ്ടായി ദുരിതാശ്വാസ നിധി അക്കൗണ്ട് ചെയ്യുന്ന രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് ലഭിച്ച റസീത് ബുക്ക് നമ്പർ 2499 ലെ 1 മുതൽ 48 വരെയുള്ള രസീതുകൾ നൽകി 18.06.2022 മുതൽ 19.12.2022 വരെ വാതിൽപ്പടി സേവനത്തിനായി 22,000 രൂപ കളക്ഷൻ നടത്തിയിട്ടുണ്ട്. ഈ തുക കോടഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അലക്സ് തോമസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ ശ്രീമതി. ജമീല എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൗണ്ടിലാണ് ( നം. 20570100054558, ഫെഡറൽ ബാങ്ക്, കോടഞ്ചേരി ശാഖ) നിക്ഷേപിച്ചിട്ടുള്ളത്. ഈ അക്കൗണ്ടിൽ പലിശ ഉൾപ്പടെ 17.02.2023 ന് 22,404 രൂപ നീക്കിയിരിപ്പുണ്ട്.

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാതിൽപ്പടി സേവനപദ്ധതിയുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് രസീത് ബുക്കുകൾ വാങ്ങിയ തീയതി, വൗച്ചർ നമ്പർ എന്നിവയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് പ്രകാരം, തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പ്രത്യേക ഫണ്ടായി, ദുരിതാശ്വാസ നിധി അക്കൗണ്ട് ചെയ്യുന്ന അതേ രീതിയിൽ, ഈ ഫണ്ട് സൂക്ഷിക്കേണ്ടതുള്ളതിനാൽ വാതിൽപ്പടി സേവനപദ്ധതിയ്ക്കായി ഫെഡറൽ ബാങ്കിൽ നിലവിലുള്ള 20570100054558 നമ്പർ അക്കൗണ്ട് ക്ലോസ് ചെയ്ത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരിൽ ഒരു പുതിയ സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും 20570100054558 നമ്പർ അക്കൗണ്ടിലെ നീക്കിയിരിപ്പ് ഈ പുതിയ സംയുക്ത അക്കൗണ്ടിലേക്ക് മാറ്റേണ്ടതുമാണ്. കൂടാതെ ഈ പുതിയ സംയുക്ത അക്കൗണ്ടിലെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. വാതിൽപ്പടി സേവനപദ്ധതിയുടെ കോ – ഓർഡിനേറ്ററായ ഐ.സി.ഡി.എസ് സൂപ്പർവൈസർ അപേക്ഷിക്കുന്നതനുസരിച്ച് ഈ അക്കൗണ്ടിൽ നിന്ന് ആവശ്യത്തിനുള്ള ഫണ്ട് അനുവദിക്കാവുന്നതുമാണ്.

മേൽ വിഷയത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 എസ്.എസ്.എ പദ്ധതി നടത്തിപ്പിൽ ഗ്രാമ പഞ്ചായത്ത് പങ്ക് വഹിച്ചില്ല.

വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്തു വിഹിതം നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റ് നം. | 67/22 |
| അടങ്കൽ | 10,00,000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 10,00,000/- |
| ബിൽ നം. തി. | 370/21-22/2.3.2022 |

സ.ഉ (കൈ) നം. 11/2018/ത.സ്വ.ഭ.വ തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ ഇത്തരം പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ ഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി വർഷം ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ നടന്നതായി കാണുന്നില്ല. മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 4/2021-22 തീയതി 17.2.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

വിദ്യാഭ്യാസ മേഖലയിലെ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിലും ആയവ നടപ്പാക്കുന്നതിലും മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം തുടർ വർഷങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനം മുഖ്യപങ്ക് വഹിച്ച് അറിയിക്കേണ്ടതാണ്.

1-18 കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വരിസംഖ്യ നൽകുന്നു - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല.

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വാർഷിക വരിസംഖ്യയായി 2,000 രൂപ നൽകുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലും കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ 3.4.2021 തീയതിയിലെ ബി-231/2021 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും കോടഞ്ചേരി ഗ്രാമ പഞ്ചായത്ത് കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ വാർഷിക വരിസംഖ്യ, കുടിശ്ശിക വരിസംഖ്യ എന്നീ ഇനങ്ങളിൽ ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം 4,000 രൂപ അടവാക്കിയിട്ടുണ്ട്.

| തുക | ഇനം | വൗച്ചർ നമ്പർ, തീയതി | ചെക്ക് നമ്പർ, തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 2,000 | 2020-21 വർഷത്തെ കുടിശ്ശിക വരിസംഖ്യ | 22100094, 7.5.2021 | 84453, 7.5.2021 |
| 2,000 | 2021-22 വർഷത്തെ വാർഷിക വരിസംഖ്യ | 22100411, 5.8.2021 | 64761055, 5.8.2021 |

ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കും ഡയരക്ടർ ബോർഡിലേക്കും ഉള്ള ഗ്രാമ പഞ്ചായത്തുകളുടെ പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ വാർഷിക വരിസംഖ്യ അടച്ച പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് മാത്രമാണ് മൽസരിക്കാൻ കഴിയുക എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും ജനപ്രതിനിധികളാരും തന്നെ നാളിതുവരെ ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കോ ഡയരക്ടർ ബോർഡിലേക്കോ മൽസരിച്ചിട്ടില്ല. കൂടാതെ കോടഞ്ചേരി ഗ്രാമ പഞ്ചായത്ത് ഇപ്പോൾ ക്രൂസിൽ നിന്നും തെരുവ് വിളക്കുകൾ വാങ്ങുകയോ തെരുവ് വിളക്കുകളുടെ സ്ഥാപനത്തിലോ പരിപാലനത്തിലോ ക്രൂസിന്റെ സേവനം ആവശ്യപ്പെടുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നുമില്ല. ഈ സാഹചര്യത്തിൽ ക്രൂസിന് വാർഷിക വരിസംഖ്യയായി എല്ലാ വർഷവും 2,000 രൂപ നൽകുന്നതു കൊണ്ട് ഗ്രാമ പഞ്ചായത്തിന് യാതൊരു പ്രയോജനവും ഉണ്ടാവുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ ഈ വരിസംഖ്യയിനത്തിൽ തുടർന്നും തുക നൽകുന്നത് സംബന്ധിച്ച് ഭരണ സമിതിയ്ക്ക് പുന:രാലോചിക്കാവുന്നതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

ഇക്കാര്യത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 2/2021-22 തീയതി 17.2.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്.

## 1-19 ടേക്ക് എ ബ്രേക്ക് - ഒരു പദ്ധതിക്ക് നിരവധി പ്രൊജക്റ്റുകൾ

ഗ്രാമപഞ്ചായത്ത് ഓഫീസിനടുത്തുള്ള ബസ് സ്റ്റാന്റിൽ ടേക്ക് എ ബ്രേക്ക് കെട്ടിടം പണിക്ക് അസി. എഞ്ചിനീയർ മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റിന്റെ പേര് | പ്രൊജക്റ്റ് നം. | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷൻ വിപുലീകരണം | 204/22 | 1200000 | 1199160 |
| 2 | ടേക്ക് എ ബ്രേക്ക് ടോയ് ലറ്റ് നിർമ്മാണം | 273/22 | 387900 | 387000 |
| 3 | ടേക്ക് എ ബ്രേക്ക് ടോയ് ലറ്റ് നിർമ്മാണം മൂന്നാം ഘട്ടം | 156/22 | 490000 | 488917 |
| 4 | ടേക്ക് എ ബ്രേക്ക് ബസ് സ്റ്റാന്റ് ടോയ് ലറ്റ് നിർമ്മാണം | 268/22 | 619514 | 603773 |
| 5 | ടേക്ക് എ ബ്രേക്ക് ഇലക്ട്രിഫിക്കേഷൻ | 294/22 | 100000 | NIL |

മേൽ വിശദാംശങ്ങൾ പരിശോധിച്ചതിൽ ഒരേ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായാണ് പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് കാണുന്നു. ഇത് കൃത്യമായ ആസൂത്രണത്തിന്റെ

അടിസ്ഥാനത്തിലല്ല പ്രവൃത്തികൾക്കായി പദ്ധതികൾ തയ്യാറാക്കിയത് എന്ന് വ്യക്തമാകുന്നു. ഒരു പദ്ധതിയിലെ മുഴുവൻ പ്രവൃത്തികളും മുൻകൂട്ടി കണ്ട് പ്രവൃത്തികൾക്കാവശ്യമായ തുക വകയിരുത്തുന്നതിനുപകരം ലഭ്യമായ തുകയ്ക്കനുസരിച്ച് പദ്ധതികൾ രൂപീകരിക്കപ്പെടുന്നതാണ് പദ്ധതി പൂർത്തീകരണത്തിനായി വീണ്ടും പദ്ധതി രൂപീകരണം നടത്തേണ്ടി വരുന്നതിനിടയാക്കിയത്. ഇത് കാരണം കരാറുകാരനെ കണ്ടെത്തുന്നതടക്കമുള്ള നടപടികൾ വീണ്ടും ചെയ്യേണ്ടിവരികയും പദ്ധതി പൂർത്തീകരണത്തിലും ഗുണഫലം ലഭിക്കുന്നതിലും കാലതാമസം വരുത്തുകയും ചെയ്യുന്നു. കൂടാതെ ഉയർന്ന അടങ്കലിലുള്ള പ്രവൃത്തികളിലൂടെ ഉണ്ടാവുമായിരുന്ന ഇ-ടെണ്ടർ നടപടികളിലൂടെയുള്ള ടെണ്ടർ നടപടികളുടെ മത്സരക്ഷമതയും ക്ഷമതയുള്ള കരാറുകാരുടെ സാന്നിധ്യവും, ഉറപ്പ് വരുത്താൻ കഴിയാതെയും വരുന്നു. പദ്ധതികളുടെ എണ്ണക്കൂടുതൽ കാരണം പ്രവൃത്തികൾ കൃത്യമായും ഗുണമേന്മയോടെയും നിർവ്വഹണം ചെയ്യുന്നു എന്ന് ഉറപ്പ് വരുത്താൻ കഴിയാതെയും വരുന്നു. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/21-22/20.2.23) മറുപടി നൽകിയിട്ടില്ല. പദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-20 അംഗനവാടികളിൽ കുടിവെള്ള സൗകര്യമില്ലാത്തത്

കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് 3 -ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിലെ അങ്കണവാടികളുടെ നടത്തിപ്പ് പഞ്ചായത്തിന്റെ ചുമതലയാണ്. പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ തയ്യാറാക്കി പഞ്ചായത്ത് നടപ്പിലാക്കേണ്ടതുണ്ട്. എന്നാൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ നൂറാംതോട്, മുണ്ടൂർ എന്നീ രണ്ട് അംഗനവാടികളിൽ കുടിവെള്ള സൗകര്യം ഇല്ലാത്തതിനാൽ കുടിവെള്ളം ഫോറസ്റ്റ് നീർച്ചാലുകളിൽ / അരുവികളിൽ നിന്നും പൈപ്പ് മുഖേന നേരിട്ട് എടുത്ത് ഉപയോഗിക്കുന്നതായി ഐ. സി. ഡി. എസ് സൂപ്പർവൈസർ അറിയിച്ചു. മേൽ അങ്കണവാടികളിലേക്ക് ശുദ്ധവും സുരക്ഷിതവുമായ കുടിവെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-21 ജനജാഗ്രതാ സമിതി പ്രവർത്തനം - തുക തെറ്റായ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ജനജാഗ്രതാ സമിതി പ്രവർത്തനം |
| പ്രോജക്ട് നം. | 43/22 |
| അടങ്കൽ | 10,000/- ( വികസന ഫണ്ട്, പൊതുവിഭാഗം ) |
| ചെലവ് | 8,200/- |
| ബിൽ നം./ തിയ്യതി | 1) 128/28.10.21 – 3,000/- രൂപ<br>2) 137/28.10.21 – 1,200/- രൂപ<br>3) 402/9.3.22 – 1,000/- രൂപ<br>4) 403/9.3.22 – 3,000/- രൂപ |
| നിർവ്വഹണം | ഐ. സി. ഡി. എസ് സൂപ്പർവൈസർ |

കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ വിവിധ തീയ്യതികളിൽ നടന്ന ജനജാഗ്രതാ സമിതി മീറ്റിംഗിൽ പങ്കെടുത്തതിന് സിറ്റിംഗ് ഫീയിനത്തിൽ അഡ്വക്കറ്റ് മിനി റാഫേൽ എന്നവർക്ക് നൽകേണ്ട 3,000/- രൂപ, അക്കൗണ്ട് നമ്പർ 32720854650 എന്നതിലേക്ക് നൽകുന്നതിന് പകരം 52720854650 എന്ന അക്കൗണ്ടിലേക്ക് ക്രമനമ്പർ (1) പ്രകാരമുള്ള ബിൽ മുഖേന തെറ്റായി നൽകി. ആയത് ശരിയായ അക്കൗണ്ടിലേക്ക് മാറ്റി നൽകാൻ എസ്.ബി.ഐ കോടഞ്ചേരി ബ്രാഞ്ച് മാനേജർക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ കത്ത് നൽകിയെങ്കിലും ആയതിന് സാധിക്കാത്തതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ക്രമനമ്പർ (4) പ്രകാരം ഈ തുക വീണ്ടും നൽകുകയുണ്ടായി. തെറ്റായ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക തിരികെ ലഭിക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് 3,000/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-22 എസ്. സി വിദ്യാർത്ഥികൾക്ക് പഠനമുറി - പണി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എസ്. സി വിദ്യാർത്ഥികൾക്ക് പഠനമുറി |
| പ്രോജക്ട് നം. | 12/22 |
| അടങ്കൽ | 4,00,000/- ( എസ്. സി. പി ) |
| ചെലവ് | 3,25,000/- |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

എസ്. സി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി പ്രകാരം 2021-22 ൽ രണ്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയുണ്ടായി. പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതിനാൽ അസിസ്റ്റന്റ് എഞ്ചിനീറുടെ മൂല്യനിർണ്ണയ സർട്ടിഫിക്കിന്റെ അടിസ്ഥാനത്തിൽ ഒരു ഗുണഭോക്താവിന് പദ്ധതി പ്രകാരം അർഹതയുള്ള മുഴുവൻ തുകയും (രണ്ട് ലക്ഷം രൂപ) നൽകിയിട്ടുണ്ട്. എന്നാൽ രണ്ടാമത്തെ ഗുണഭോക്താവായ ശ്രീ. മിജുൽ കുമാർ, S/o കുമാരൻ, ചോളക്കൽ, വാർഡ്-17, എന്നവർക്ക് ബിൽ നം. 95/10.9.2021 പ്രകാരം 50,000/- രൂപയും, ബിൽ നം. 171/25.11.2021 പ്രകാരം 75,000/- രൂപയുമായി ആകെ 1,25,000/- രൂപ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയായി പഠനമുറിയുടെ പണി പൂർത്തീകരിച്ചിട്ടില്ല. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-23 കേരള വാട്ടർ അതോറിറ്റി, കെ. എസ്. ഇ. ബി എന്നിവയിൽ തുക ഡെപ്പോസിറ്റ് ചെയ്തു - പ്രവൃത്തികളുടെ പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമല്ല

ഓഡിറ്റ് വർഷം കേരള വാട്ടർ അതോറിറ്റി, കെ. എസ്. ഇ. ബി എന്നിവയിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കുകയും തുക ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

എ) കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പ്രോജക്ട് | അടങ്കൽ | ചെലവ് | ചെലവു വിവരം |
|---|---|---|---|---|
| 1 | 334/21-22, വിദ്യാനഗർ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 2,00,000 - ധനകാര്യ കമ്മീഷൻ അവാർഡ് | 2,00,000 | ബിൽ നമ്പർ 444/21-22 തീയതി 18.3.2022 |
| 2 | 336/21-22, ട്രാൻസ്ഫോർമർപടി പോത്തുകുണ്ട് ഹൈസ്കൂൾ റോഡ് പൈപ്പ് ലൈൻ നീട്ടൽ | 2,00,000 - ധനകാര്യ കമ്മീഷൻ അവാർഡ് | 2,00,000 | ബിൽ നമ്പർ 445/21-22 തീയതി 18.3.2022 |
| 3 | 333/21-22, ചൂഴിയാട്മല ആനിക്കോട് റോഡ് പൈപ്പ് ലൈൻ നീട്ടൽ | 2,23,080 - ധനകാര്യ കമ്മീഷൻ അവാർഡ് | 2,23,080 | ബിൽ നമ്പർ 448/21-22 തീയതി 18.3.2022 |
| 4 | 332/21-22, ചക്കാലപ്പടി സടക്ക് റോഡ് പൈപ്പ് ലൈൻ നീട്ടൽ | 3,00,000 - ധനകാര്യ കമ്മീഷൻ അവാർഡ് | 3,00,000 | ബിൽ നമ്പർ 447/21-22 തീയതി 18.3.2022 |

ബി) കെ. എസ്. ഇ. ബിയിൽ നിക്ഷേപിച്ച തുക

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പ്രോജക്ട് | അടങ്കൽ | ചെലവ് | ചെലവു വിവരം |
|---|---|---|---|---|
| 1 | 407/21-22, പുന്നക്കുറ്റി | 65,000 - ധനകാര്യ | 51,259 | ബിൽ നമ്പർ |

| | | | | |
|---|---|---|---|---|
| | കുടിവെള്ള പദ്ധതി ലൈൻ വലിക്കൽ | കമ്മീഷൻ അവാർഡ് | | 471/21-22 തീയതി 23.3.2022 |
| 2 | 408/21-22, വെളിമുണ്ട കുടിവെള്ള പദ്ധതി ലൈൻ വലിക്കൽ | 80,000 - ധനകാര്യ കമ്മീഷൻ അവാർഡ് | 79,237 | ബിൽ നമ്പർ 470/21-22 തീയതി 23.3.2022 |

പദ്ധതി മാർഗ്ഗരേഖ ( സ.ഉ (കൈ) 11/2018/ത.സ്വ.ഭ.വ. തീയതി 29.1.2018 ) ഖണ്ഡിക 11.2 (ഡി) (ii) പ്രകാരം തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂർ നൽകാൻ പാടുള്ളൂ. എന്നാൽ ഈ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റി, കെ. എസ്. ഇ. ബി എന്നിവയുമായി എഗ്രിമെന്റ് വെക്കാതെ തുക മുൻകൂർ ആയി നൽകുകയായിരുന്നു. മേൽ സ്ഥാപനങ്ങൾ തുക കൈപ്പറ്റി 10 മാസങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തികൾ പൂർത്തീകരിച്ചതായി കാണുന്നില്ല. മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയവയുടെ പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 6/2021-22 തീയതി 17.2.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ പ്രവൃത്തിയുടെ അടിയന്തിര പൂർത്തീകരണത്തിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. പ്രവൃത്തികൾ പൂർത്തീകരിക്കുന്നത് വരെ ഈയിനത്തിലെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-24 അസിസ്റ്റന്റ് എഞ്ചിനീയർ / എം. ജി. എൻ. ആർ. ഇ. ജി. എസ് ഓഫീസുകളിലേക്ക് കമ്പ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങൽ - പ്രിന്ററുകൾ നാളിതു വരെ ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 306/21-22 |
| പ്രോജക്ട് | അസിസ്റ്റന്റ് എഞ്ചിനീയർ / എം. ജി. എൻ. ആർ. ഇ. ജി. എസ് ഓഫീസുകളിലേക്ക് കമ്പ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | തനത് ഫണ്ട് - 2,50,000 രൂപ |
| ചെലവഴിച്ച തുക | 1,05,500 രൂപ - ഓൺലൈൻ ട്രാൻസ്ഫർ തീയതി 15.2.2022 |

സർക്കാരിന്റെ CPRCS ഓൺലൈൻ റേറ്റ് കോൺട്രാക്ട് പോർട്ടൽ വഴി അസിസ്റ്റന്റ് എഞ്ചിനീയർ / എം. ജി. എൻ. ആർ. ഇ. ജി. എസ് ഓഫീസുകളിലേക്ക് 2 കമ്പ്യൂട്ടറുകൾ, 2 പ്രിന്ററുകൾ എന്നിവ വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രോജക്ടാണ് ഇത്. ആയതിനായി 15.2.2022 ന് ഓൺലൈൻ ട്രാൻസ്ഫർ ആയി 1,05,500 രൂപ കേരള സ്റ്റേറ്റ് ഐ. ടി. മിഷന് കൈമാറിയെങ്കിലും 2 പ്രിന്ററുകൾ നാളിതുവരെ ലഭിച്ചില്ല. ( 79,594 രൂപക്കുള്ള 2 കമ്പ്യൂട്ടറുകൾ ലഭിച്ചിട്ടുണ്ട്. 25,906 രൂപക്കുള്ള 2 പ്രിന്ററുകൾ ലഭ്യമായില്ല ) മേൽ 2 പ്രിന്ററുകൾ ലഭ്യമാക്കുന്നതിനായി നിർവഹണോദ്യോഗസ്ഥൻ തുടർ നടപടികളൊന്നും സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല. 15.2.2022 ന് കേരള സ്റ്റേറ്റ് ഐ. ടി മിഷന് തുക കൈമാറി ഒരു വർഷം കഴിഞ്ഞു. ഈ സാഹചര്യത്തിൽ അടിയന്തിരമായി പ്രിന്ററുകൾ ലഭ്യമാക്കാനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 5/2021-22 തീയതി 17.2.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

അടിയന്തിരമായി പ്രിന്ററുകൾ ലഭ്യമാക്കാനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും പ്രിന്ററുകൾ ലഭ്യമായ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അതുവരെ ഈയിനത്തിലുള്ള 25,906 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 അഡീഷണൽ പെർഫോമൻസ് ഗ്യരണ്ടി - സർക്കാർ ഉത്തരവ് പാലിക്കുന്നതിൽ വീഴ്ച

പൊതുമരാമത്തു പ്രവർത്തികളിൽ കരാറുകാരൻ ക്വാട്ടുചെയ്ത നിരക്ക് എസ്റ്റിമേറ്റിന്റെ പത്തു ശതമാനത്തിൽ കുറവാണെങ്കിൽ അത്തരം കരാറുകളിൽ അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി വെയ്ക്കേണ്ടതാണ്. ആയത് ജി. ഒ (പി) 168/2019/ഫിൻ. തി. 17.12.2019 പ്രകാരമുള്ള ഉത്തരവ് പ്രകാരം കണക്കാക്കേണ്ടതാണ്. കോവിഡ് കാലമായതിനാൽ ഇങ്ങനെ പെർഫോമൻസ് ഗ്യാരണ്ടി അയ്ക്കുന്നതിൽ നിന്നും ജി. ഒ (പി) നം. 7/2021/ഫിൻ/7.1.21 പ്രകാരമുള്ള ഉത്തരവിൽ ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ കോൺട്രാക്ട് ലഭിച്ച കരാറുകാർ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കുറവ് ക്വാട്ട ചെയ്ത ഇനങ്ങൾ ഗുണമേന്മയോടെ നിർവ്വഹിക്കുമെന്നതിനുള്ള ഉറപ്പിലേക്കായി ഒരു അണ്ടർടേക്കിംഗിൽ ഏർപ്പെടണമെന്ന വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/21-22/20.2.23) മറുപടി നൽകിയിട്ടില്ല. സർക്കാർ ഉത്തരവ് പാലിക്കുന്നതിലുണ്ടായ വീഴ്ചയ്ക്ക് തൃപ്തികരമായ മറുപടി നൽകേണ്ടതാണ്.

1-26 പദ്ധതികളുടെ ആധിക്യം കാരണം പൊതുമരാമത്തു മേഖലയിൽ സ്പിൽ ഓവർ പ്രവർത്തികൾ വർധിക്കുന്നു

ഗ്രാമ പഞ്ചായത്തിലെ റോഡ് പ്രവൃത്തികൾ മിക്കതും ചെറിയ എസ്റ്റിമേറ്റിൽ തയ്യാറാക്കുന്ന പ്രവണതയാണ് കണ്ടു വരുന്നത്. പദ്ധതി വർഷം പൊതുമരാമത്തു മേഖലയിൽ 192 പ്രവർത്തികളാണ് ആസൂത്രണം ചെയ്തത്. ഇതിൽ സ്പിൽ ഓവർ പ്രവർത്തികൾ 64 എണ്ണമുണ്ടായിരുന്നതിൽ 56 എണ്ണം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. 128 പുതിയ പ്രവർത്തികളിൽ 85 എണ്ണം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ഇതിൽ ഭൂരിപക്ഷവും റോഡ് വർക്കുകളാണ്. ചെറിയ ചെയിനേജിലാണ് നിർമ്മിക്കുന്നത്. ചെറിയ തുകകളാണ് ഇതിനായി വകയിരുത്തുന്നത്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ടുകൾ വീതം വെക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത്തരം പ്രവൃത്തികൾ മിക്കതും ടെണ്ടർ എടുക്കുന്നത് ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ റോഡ് വർക്കുകൾ ചെയ്യാൻ കഴിയാത്ത സാധാരണ കരാറുകാരായിരിക്കും. ഇതിന്റെ ഫലമായി റോഡുകളുടെ പ്രവൃത്തിയിൽ ഗുണനിലവാരം കുറയുകയും അത് വഴി ഇത്തരം റോഡുകളിലൂടെയുള്ള യാത്ര പ്രയാസമുള്ളതായി മാറുകയും ചെയ്യാറുണ്ട്. ഫണ്ടുകൾ ചെറിയ ചെയിനേജിലുള്ള പ്രവൃത്തികൾക്ക് വിഭജിക്കുന്നതിന് പകരം, ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾ ഗതാഗതത്തിനായി കൂടുതൽ ആശ്രയിക്കുന്ന റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ഇത്തരം റോഡുകൾ മുഴുവനായും ടാർ ചെയ്യുന്നതിന് സമഗ്രമായി എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണ്.

പിന്നോക്ക മലയോര മേഖലയിൽ ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്തിൽ അടിസ്ഥാന സൗകര്യ വികസന മേഖല വളരെയേറെ മുന്നേറേണ്ടതുണ്ട്. തുടർച്ചയായ വർഷങ്ങളിൽ ഈ മേഖലയ്ക്ക് വകയിരുത്തിയ ഫണ്ട് നഷ്ടപ്പെടുന്നത് മേഖലയുടെ വികസനത്തെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്. ഇതു തിരിച്ചറിഞ്ഞുകൊണ്ടുള്ള പ്രവർത്തനം നടത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്, പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് എന്നീ കമ്മിറ്റികളുടെ മിനുട്സ് പരിശോധിച്ചതിൽ സമയ ബന്ധിതമായി പ്രവർത്തികൾ പൂർത്തിയാകാത്തതിനാൽ ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം സംബന്ധിച്ച് പരിശോധന നടത്തി പരിഹാരം കാണുന്നതിനുള്ള ശ്രമങ്ങൾ നടത്തിയതായി കാണുന്നില്ല. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/21-22./20.02.23) മറുപടി നൽകിയിട്ടില്ല. പൊതുമരാമത്തു മേഖലയിലെ പദ്ധതികൾ അതാത് വർഷങ്ങളിൽ പൂർത്തിയാകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-27 മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 166 (1 )-ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം. 159/2016/തസ്വഭവ തീയതി 06.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന് പൗരൻമാർക്ക് മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേയ്ക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ( ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ( ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവു കളും പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | മിനി എം. സി. എഫ് | സെക്രട്ടറി | 2,31,000 | 2,31,000 |
| 2 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | സെക്രട്ടറി | 2,04,900 | 1,42,900 |
| 3 | അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ | വി. ഇ. ഒ | 5,00,000 | 5,00,000 |
| 4 | ഹരിത സഹായ സ്ഥാപനത്തിന് വിഹിതം നൽകൽ | വി. ഇ. ഒ | 2,40,000 | 1,96,290 |

മേൽ പ്രകാരമുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കിയതിൽ വന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) അജൈവ മാലിന്യം ശേഖരിക്കൽ , കയറ്റി അയയ്ക്കൽ - അപാകതകൾ

മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ 21 വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് ഗ്രാമ പഞ്ചായത്തുമായി കരാർ വെച്ച സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | കരാർ തീയതി | നിരക്ക്/കി.ഗ്രാം ( രൂപയിൽ ) |
|---|---|---|---|
| 1 | ക്ലീൻ കേരള കമ്പനി | 4.6.2021 | 11.80 |
| 2 | യൂണിവേഴ്സൽ ബയോ ഗ്യാസ്, കോഴിക്കോട് | 6.8.2021 | 8.00 |

അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ഗ്രാമ പഞ്ചായത്ത് 4.6.2021 ന് കരാറിൽ ഏർപ്പെട്ടിരുന്നുവെങ്കിലും ഗ്രാമ പഞ്ചായത്ത് രേഖാമൂലം ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ക്ലീൻ കേരള കമ്പനി ഗ്രാമ പഞ്ചായത്തിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് തയ്യാറായില്ല. ഈ സാഹചര്യത്തിൽ ടെണ്ടർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത യൂണിവേഴ്സൽ ബയോ ഗ്യാസ്, കോഴിക്കോട് എന്ന സ്ഥാപനവുമായി പുതിയതായി കരാറിൽ ഏർപ്പെടുകയായിരുന്നു.

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിലെ 21 വാർഡുകളിൽ നിന്നും യൂണിവേഴ്സൽ ബയോ ഗ്യാസ്, കോഴിക്കോട്, ക്ലീൻ കേരള കമ്പനി എന്നിവ വഴി കയറ്റി അയച്ച അജൈവ മാലിന്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മാലിന്യം കയറ്റി അയച്ച തീയതി | കൊണ്ടുപോയ സ്ഥാപനം | തൂക്കം ( കി. ഗ്രാം ) | ഇനം |
|---|---|---|---|---|
| 1 | 7.8.2021 മുതൽ 23.8.2021 വരെ | യൂണിവേഴ്സൽ ബയോ ഗ്യാസ്, കോഴിക്കോട് | 30,910 | തരം തിരിക്കാത്തവ |
| 2 | 27.12.2021 മുതൽ 20.2.2022 വരെ | ക്ലീൻ കേരള കമ്പനി | 14,650 | തരം തിരിക്കാത്തവ |
| 3 | 6.3.2022 മുതൽ 12.3.2022 വരെ | ക്ലീൻ കേരള കമ്പനി | 11,940 | തരം തിരിക്കാത്തവ |

അജൈവ മാലിന്യങ്ങൾ കൊണ്ടുപോയതിന് മേൽ സ്ഥാപനങ്ങൾക്ക് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | ഇൻവോയ്സ് നമ്പർ, തീയതി | മാലിന്യത്തിന്റെ തൂക്കം (കി. ഗ്രാം) | നിരക്ക് (കി.ഗ്രാം) | നൽകേണ്ട തുക | നൽകിയ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | യൂണിവേഴ്സൽ ബയോ ഗ്യാസ്, കോഴിക്കോട് | UBG/013 /21-22 തീയതി 30.8.2021 | 30,910 | 8 | 2,47,280 | 2,47,280 |
| 2 | ക്ലീൻ കേരള കമ്പനി | D23/SER 21-22/140 തീയതി 23.3.2022 | 26,590 | 11.80 | 3,13,762 | 2,52,720 |

മേൽ പ്രകാരം മാലിന്യം കയറ്റി അയച്ചതിൽ വന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ നിന്ന് ശുക്കമെടുത്ത് വാഹനങ്ങളിൽ കൊണ്ടു പോകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നത് എങ്ങനെയാണെന്നും എവിടെ വെച്ചാണെന്നും ഉള്ള വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. കരാർ ഏറ്റെടുത്ത സ്ഥാപനങ്ങൾ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനും ആയതിന്റെ രേഖകൾ സൂക്ഷിക്കുന്നതിനും ഗ്രാമ പഞ്ചായത്തിൽ സംവിധാനമില്ലാത്തത് വീഴ്ചയാണ്. മാലിന്യങ്ങൾ കയറ്റിക്കൊണ്ടു പോകുന്നതിന് കരാർ ഏറ്റെടുത്ത മേൽ സ്ഥാപനങ്ങൾക്ക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സംവിധാനമുണ്ടോ എന്ന് ഗ്രാമ പഞ്ചായത്ത് ഉറപ്പ് വരുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തുമായി ഉണ്ടാക്കിയ കരാറിൽ സ്വന്തം ഉത്തരവാദിത്തത്തിൽ മാലിന്യ സംസ്കരണം നടത്തുമെന്ന് മേൽ സ്ഥാപനങ്ങൾ പറയുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിന്ന് കയറ്റി അയക്കുന്ന അളവ് മാലിന്യങ്ങൾ ഈ സ്ഥാപനങ്ങളിൽ സംസ്കരിച്ചതിന്റെ ആധികാരിക രേഖ പരിശോധനയ്ക്ക് ആവശ്യപ്പെടേണ്ടതാണ്.

2) ഹരിത കർമ്മസേനയുടെ പ്രവർത്തനം

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തന മാർഗ്ഗരേഖയും 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു. ആയതു പ്രകാരം ശുചിത്വ മാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മസേന രൂപീകരിക്കേണ്ടതും അവർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതുമാണ്. അവർ കഴുകി വൃത്തിയാക്കിയ അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കേണ്ടതാണ്. ആയതിന് വാഹനസൗകര്യം ഏർപ്പെടുത്തേണ്ടതും അവ സൂക്ഷിക്കുന്നതിനായി വാർഡ് തലത്തിൽ മിനി എം.സി.എഫുകളും പഞ്ചായത്തിൽ എം.സി.എഫും സ്ഥാപിക്കുക, ഹരിതകർമ്മ സേനയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, തിരിച്ചറിയൽ കാർഡ്, യൂണിഫോം എന്നിവ നൽകേണ്ടത് പഞ്ചായത്തിന്റെയും കുടുംബശ്രീ മിഷന്റെയും ഉത്തരവാദിത്വമാണ്.

ഗ്രാമപഞ്ചായത്തിൽ 2016 - ൽ 42 പേരടങ്ങുന്ന ഹരിത കർമ്മസേനയാണ് രൂപീകരിച്ചിട്ടുള്ളത്. നിലവിൽ 32 പേർ ഹരിത കർമ്മസേനയിൽ പ്രവർത്തിച്ചു വരുന്നു. ഹരിത കർമ്മസേനയ്ക്ക് സ്വന്തം വരുമാനത്തിൽ നിന്ന് എല്ലാ ചെലവുകളും നടത്താൻ കഴിയുന്നുണ്ട്.

ഹരിതകർമ്മ സേനയ്ക്ക് വീടുകളിൽ കയറിയുള്ള അജൈവ മാലിന്യ ശേഖരണം നടത്തുന്നതിന് അനിവാര്യമായ വാഹന സൗകര്യം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ആയതിനായി ഓഡിറ്റ് വർഷം പ്രോജക്ട് രൂപീകരിച്ചിട്ടില്ല. തുടർ വർഷങ്ങളിൽ ഈ ആവശ്യത്തിനായി പ്രോജക്ട് നടപ്പിലാക്കി ഹരിതകർമ്മ സേനയ്ക്ക് അടിയന്തിരമായി വാഹന സൗകര്യം ഒരുക്കിക്കൊടുക്കേണ്ടതുണ്ട്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ നാളിതുവരെ പുറപ്പെടുവിച്ച മാർഗ്ഗരേഖകൾ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റിസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യലും നടത്തുക വഴി 5 വർഷം കൊണ്ട് മാതൃകാപരമായി

മാലിന്യമുക്തമാകേണ്ടതുണ്ട്. കൂടാതെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ആവർത്തന ചെലവുകൾ ഏറ്റവും കുറഞ്ഞ തോതിൽ മാത്രമേ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്ന് നടത്താവൂ എന്ന സമീപനവും സ്വീകരിക്കേണ്ടതുണ്ട്. ആയതിനായി നടപടികൾ സ്വീകരിക്കേണ്ടതും മേൽ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

2021-22 കാലയളവിലെ മാലിന്യം നീക്കം ചെയ്യുന്നതിലെ പോരായ്മകൾ, മറ്റ് അപാകതകൾ എന്നിവക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 7/2021-22 തീയതി 17.2.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

അജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് പൗരന്മാർക്ക് മാലിന്യ സംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക വഴി അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറച്ചുകൊണ്ടുവരിക, ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ ശേഖരിക്കുക, ഹരിത കർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുക, വാർഡുകൾ തോറും മിനി എം.സി.എഫുകൾ സ്ഥാപിച്ചും എം.സി.എഫിൽ അടിസ്ഥാന സൗകര്യമൊരുക്കിയും മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക എന്നിവ നടപ്പിലാക്കേണ്ടത് അജൈവ മാലിന്യങ്ങളുടെ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് അനിവാര്യമാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്ത്, ഓഡിറ്റ് പരാമർശിച്ച പ്രകാരം സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

### 1-28 എം. ജി. എൻ. ആർ. ഇ. ജി. എസ്. പദ്ധതി - നടത്തിപ്പിലെ അപാകതകൾ

എം. ജി. എൻ. ആർ. ഇ. ജി. എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ നിർവ്വഹിക്കപ്പെട്ട പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തികളുടെ ടെണ്ടർ ഫയൽ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികൾക്കും രണ്ട് ടെണ്ടർ മാത്രം ലഭിച്ചതായും കുറഞ്ഞ ടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ, എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ പ്രവൃത്തികളും കരാർ വച്ച് കൈമാറിയതായും കാണുന്നു. മൊത്തം പ്രവൃത്തികൾ വിലയിരുത്തിയതിൽ ശരാശരി 11 കരാറുകാർ എല്ലാ പ്രവൃത്തികളും താഴെ കൊടുത്ത പ്രകാരം വീതം വച്ചെടുത്തതായി കാണുന്നു.

| ക്രമ നം | കരാറുകാരൻ | പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | ജോബിഷ് | 14 |
| 2 | തോമസ് | 7 |
| 3 | ബിജോ | 3 |
| 4 | ശരത് സെബാസ്റ്റ്യൻ | 6 |
| 5 | രാജു | 2 |
| 6 | ആദായി | 1 |
| 7 | അജ്നാസ് | 4 |

| | | |
|---|---|---|
| 8 | ഗോപാലകൃഷ്ണൻ | 1 |
| 9 | മൊയ്തീൻ | 1 |
| 10 | സാബു | 1 |
| 11 | വി. സി. ജോസ് | 5 |

മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായല്ലെന്ന് കാണാം. മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ടുള്ള 31.1.2012 ലെ 93/2012/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ചു കഴിഞ്ഞാൽ ഓരോ അർദ്ധവർഷത്തിൽ/മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ദ, അർദ്ധവിദഗ്ദ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പദ്ധതികളുടെ മുൻഗണന, പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറു മാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരഞ്ഞെടുക്കുന്നതിന്, അവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരഞ്ഞെടുക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ – ടെണ്ടർ നടപടികൾ സ്വീകരക്കാവുന്നതുമാണ്. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങുന്നതിനുമുമ്പുള്ള ഒരാഴ്ചയ്ക്കകം തന്നെ തെരഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ മുഴുവൻ സാധനങ്ങളും ഓരോ കരാറുകാരിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിൽ വാങ്ങിയത് ശരിയായ നടപടിയല്ല. അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ച് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയത് വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/21-22/20.2.23) മറുപടി നൽകിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി സുതാര്യമായും അഴിമതി രഹിതമായും നടക്കുന്നു എന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-29 തൊഴിലുറപ്പ് പദ്ധതിയിൽ സോളിംഗ് നടത്തിയ പദ്ധതികൾ സമയ ബന്ധിതമായി ടാറിംഗ് ചെയ്യുന്നതിന് പദ്ധതിയില്ല

പദ്ധതി വർഷം തൊഴിലുറപ്പ് പദ്ധതിയിൽ നിരവധി റോഡുകളിൽ സോളിംഗ് പ്രവർത്തി നടത്തിയെങ്കിലും അവയെല്ലാം സമയബന്ധിതമായി ടാറിംഗ് നടത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) വിഷ്ണു ക്ഷേത്രം മൈക്കാവ് റോഡ് (വാർഡ് 13)

2) കാരക്കാട്ട് പടി കുമ്പിടാൻ തമ്പലമണ്ണ റോഡ് (വാർഡ് 11)

3) വെട്ടികാവുങ്കൽപ്പടി നിരന്നപാറ അങ്കണവാടി റോഡ് (വാർഡ് 16)

മേൽ സൂചിപ്പിച്ച റോഡുകൾ ടാറിംഗ് ചെയ്യാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. സോളിംഗ് നടത്തിയ റോഡുകൾ സമയബന്ധിതമായി ടാറിംഗ് നടത്തിയില്ലെങ്കിൽ അവ പൊളിഞ്ഞുപോകാൻ സാധ്യതയുണ്ട്. പിന്നീട് ടാർ ചെയ്യുമ്പോൾ റീസോളിംഗ് ചെയ്യേണ്ടി വരുന്നതുമൂലം പഞ്ചായത്തുകൾക്ക് നഷ്ടം ഉണ്ടാകുന്നു. സോളിംഗ് നടത്തിയ റോഡുകൾ ടാറിംഗ് ചെയ്യുന്നതിലുണ്ടായ വീഴ്ചയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/21-22/ 20.2.23) മറുപടി നൽകിയിട്ടില്ല. സോളിംഗ് പൂർത്തിയാക്കിയ മുഴവൻ റോഡുകളും ടാറിംഗ് ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കി അറിയിക്കേണ്ടതാണ്.

1-30 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി - കുടുംബ സംഗമം നടത്താത്തതും മറ്റ് അപാകതകളും

ഗ്രാമപഞ്ചായത്തിലെ പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നം. | 103/22 |
| അടങ്കൽ | 500000 |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 499640 |
| ബിൽനം. തി. | 5/21-22/3.2.22 |

ഗ്രാമപഞ്ചായത്തിൽ നിരവധി വർഷങ്ങളായി പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നടന്നുവരുന്നുണ്ട്. പാലിയേറ്റീവ് നോമിനൽ രജിസ്റ്റർ പ്രകാരം 431 രോഗികളുണ്ട്. കിടപ്പുരോഗികളായ 111 പേരാണുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പരിശീലനം ലഭിച്ച ഒരു നേഴ്സിന്റെ സേവനം മാത്രമേ ലഭിക്കുന്നുള്ളൂ. ഇതിനാൽ മുഴവൻ രോഗികൾക്കും സമയബന്ധിതമായി സേവനം നൽകാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ഈ പദ്ധതിക്ക് വകയിരുത്തുന്ന തുക കുറവായതു കാരണം പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നുണ്ട്. വർഷങ്ങളായി കിടപ്പിലായ രോഗികളുടെ മാനസികവും ശാരീരികവുമായ ഉല്ലാസത്തിനായി ഈ രോഗികളുടെ ഒരു സംഗമം സംഘടിപ്പിക്കേണ്ടതാണ്. (സ. ഉ (സാധാ) നം. 553/2019/ത.സ്വ.ഭ.വ. തി. 7.3.2019 ഉത്തരവ് കാണുക) എന്നാൽ ഇത്തരത്തിലൊരു സംഗമം നടത്താൻ കഴിഞ്ഞിട്ടില്ല. രോഗികളുടെയും കുടുംബാംഗങ്ങളുടെയും ഒത്തുചേരലിനും മാനസികോല്ലാസത്തിനും സഹായകമാകേണ്ട ഇത്തരം പരിപാടികൾ നടത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി നാല് മാസം കൂടുമ്പോഴാണ് ഇപ്പോൾ യോഗം ചേർന്ന് വരുന്നത്. ഇത് ശരിയായ നടപടിയല്ല. പി. എം. സി. യോഗങ്ങൾ രണ്ട് മാസത്തിലൊരിക്കൽ ചേരുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പാലിയേറ്റീവ് കെയർ രോഗികൾക്ക് ആവശ്യമായ തൊഴിൽ പരിശീലനവും തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ പ്രവർത്തനങ്ങളും ആവിഷ്കരിച്ച നടപ്പാക്കുന്നതിന് ശ്രമിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/

21-22/ 20.2.23) മറുപടി നൽകിയിട്ടില്ല. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത മുഴുവൻ രോഗികൾ പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയിൽ സേവനം ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ജനജാഗ്രതാ സമിതി പ്രവർത്തനം - തുക തെറ്റായ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ജനജാഗ്രതാ സമിതി പ്രവർത്തനം |
| പ്രോജക്ട് നം. | 43/22 |
| അടങ്കൽ | 10,000/- ( വികസന ഫണ്ട്, പൊതുവിഭാഗം ) |
| ചെലവ് | 8,200/- |
| ബിൽ നം/ തിയ്യതി | 1) 128/28.10.21 – 3,000/- രൂപ<br>2) 137/28.10.21 – 1,200/- രൂപ<br>3) 402/9.3.22 – 1,000/- രൂപ<br>4) 403/9.3.22 – 3,000/- രൂപ |
| നിർവ്വഹണം | ഐ. സി. ഡി. എസ് സൂപ്പർവൈസർ |

കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ വിവിധ തീയ്യതികളിൽ നടന്ന ജനജാഗ്രതാ സമിതി മീറ്റിംഗിൽ പങ്കെടുത്തതിന് സിറ്റിംഗ് ഫീയിനത്തിൽ അഡ്വക്കറ്റ് മിനി റാഫേൽ എന്നവർക്ക് നൽകേണ്ട 3,000/- രൂപ, അക്കൗണ്ട് നമ്പർ 32720854650 എന്നതിലേക്ക് നൽകുന്നതിന് പകരം 52720854650 എന്ന അക്കൗണ്ടിലേക്ക് ക്രമനമ്പർ (1) പ്രകാരമുള്ള ബിൽ മുഖേന തെറ്റായി നൽകി. ആയത് ശരിയായ അക്കൗണ്ടിലേക്ക് മാറ്റി നൽകാൻ എസ്.ബി.ഐ കോടഞ്ചേരി ബ്രാഞ്ച് മാനേജർക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ കത്ത് നൽകിയെങ്കിലും, ആയതിന് സാധിക്കാത്തതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ക്രമനമ്പർ (4) പ്രകാരം ഈ തുക വീണ്ടും നൽകുകയുണ്ടായി. തെറ്റായ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക തിരികെ ലഭിക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് 3,000/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 15.02.2023 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി പുറപ്പെടുവിച്ചു. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1280000 | ലൈഫ് മിഷൻ എസ്. സി | 1280000 |
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 240000 | ലൈഫ് മിഷൻ എസ്. ടി | 240000 |
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1200000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 1200000 |
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1600000 | മിൽക്ക് ഇൻസെന്റീവ്( വനിത) | 1600000 |
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 645900 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 645900 |
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി | 100000 |
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 100000 |
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | കാർഷികവിള സംരക്ഷണത്തിന് സൗരോർജ്ജവേലി | 200000 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 1500000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 1500000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 3187625 | മിൽക്ക് ഇൻസെന്റീവ് ( വനിത) | 3187625 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 324000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 324000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 189000 | മുട്ടഗ്രാമം (വനിത) | 189000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 150000 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 150000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | കാർഷികവിള സംരക്ഷണത്തിന് സൗരോർജ്ജവേലി | 200000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ട്രാൻസ്ഫോർമർ പടി പോത്തുകുണ്ട് ഹൈസ്കൂൾറോഡ് പൈപ്പ് ലൈൻ നീട്ടൽ | 200000 | 200000 | -- |
| കേരള വാട്ടർ അതോറിറ്റി | വിദ്യാനഗർ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 200000 | 200000 | -- |
| കേരള വാട്ടർ അതോറിറ്റി | ചക്കാലപ്പടി സടക്ക് റോഡ് പൈപ്പ് ലൈൻ നീട്ടൽ | 300000 | 300000 | -- |
| കേരള വാട്ടർ അതോറിറ്റി | ചൂഴിയാട് മല- ആനിക്കോട് റോഡ് പൈപ്പ് ലൈൻ നീട്ടൽ | 223080 | 223080 | -- |
| കെ. എസ്. ഇ. ബി | പുന്നക്കുറ്റി കുടിവെള്ള പദ്ധതി ലൈൻ വലിക്കൽ | 65,000 | 51,259 | 13741 |
| കെ. എസ്. ഇ. ബി | വെളിമുണ്ട കുടിവെള്ള പദ്ധതി ലൈൻ വലിക്കൽ | 80,000 | 79,237 | 763 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം | തൻ വർഷത്തെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | -- | 0 | 1827329/- | 1202666/- | 0 | 624663 |

## 4-6 സ്ഥിര നിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7740283 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 390594 |
| ആകെ | 8130877 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 8130877 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച നം./ തിയതി | തുക |
|---|---|---|---|
| 1 | കെ. ഡി. സി. ബാങ്ക് | 10020180720019/27.09.22 | 459233 |
| 2 | കെ. ഡി. സി. ബാങ്ക് | 10020180720020/27.09.22 | 331019 |
| 3 | ഫെഡറൽ ബാങ്ക് | 20570300009352/10.11.22 | 7340625 |
| ആകെ | | | 8130877 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 24 | 2003-04 | 11.13.5.4 (പൊതു പരാമർശം) | മൈത്രി ഭവനപദ്ധതി | തുടരുന്നു |
| 1997-98 | 45 | 2003-04 | 11.13.7.8 (പൊതു പരാമർശം) | നികുതി പിരിവിൽ അലംഭാവം | -ടി- |
| 1998-99 | 19 | 2003-04 | ടി | ടി | -ടി- |
| 2010-11 | 3-11 | 2011-12 | 3.3.6, 3.3.12 (അവലോകനം) | അങ്കണവാടികളുടെ ഭൗതിക സാഹചര്യം | -ടി- |
| 2011-12<br>2012-13 | 4.1.1. | 2013-14 | 6-4 (അവലോകനം) | തെരുവു വിളക്ക് സംരക്ഷണം | -ടി- |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | | 2013-14 | 6.4.1 (അവലോകനം) | തെരുവു വിളക്ക് സ്ഥാപിച്ചതിന് രേഖകളില്ല | -ടി- |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | | 2015-16 | 3.7.6 | കൃഷി, മൃഗസംരക്ഷണം, പദ്ധതി നിർവ്വഹണം-ധനവിനിയോഗ കാര്യക്ഷമത | -ടി- |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | | 2015-16 | 3.7.13 | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു | -ടി- |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-3 | 2016-17 | അനുബന്ധം -5 | തൊഴിൽ നികുതി അപാകതകൾ | -ടി- |
| 2019-20 | 1-32 | 2020-21 | അനുബന്ധം -2 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | -ടി- |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 134582928 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 135492764 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1079482 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3000 | ശ്രീമതി. ജമീല പി. , ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 3000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 1053576 | ശ്രീ. ഗിരീഷ് കുമാർ കെ, സെക്രട്ടറി |
| 1-24 | 25906 | ശ്രീ. ഗിരീഷ് കുമാർ കെ, സെക്രട്ടറി |
| ആകെ | 1079482 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീമതി. ജമീല പി. , ഐ.സി.ഡി.എസ് സൂപ്പർവൈസർ | സി. ഡി. പി. ഒ., പനമരം ബ്ലോക്ക് | പുളിക്കൽ വീട്, കക്കയം, കോഴിക്കോട് – 673615 |
| ശ്രീ. ബൈജു തോമസ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കോടഞ്ചേരി ഗ്രാമപഞ്ചായത്ത് | പുതുപ്പറമ്പിൽ വീട്, പൊന്നാങ്കയം പി. ഒ. |
| ശ്രീ. ഗിരീഷ് കുമാർ കെ, സെക്രട്ടറി | സെക്രട്ടറി, കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് | കണ്ണിയാറുപ്പിൽ വീട്, എസ്. ടി. ആർ. എ 67, താമരശ്ശേരി, കോഴിക്കോട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(2)തീ.14.9.2011 | |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(3)തീ.14.9.2011 | 1(19) |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(6)തീ.15.9.2011 | 8(2-1, 2-6, 2-11, 2-12, 2-13, 2-14, 2-15, 2-16) |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(10) തീ.15.9.2011 | 6(2-12, 3-6, 3-8, 3-16, 3-19, 3-22) |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി./പി6 /1407/22(10)/27.10.22 | 3-7 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി./പി6 /1407/22(11)/27.10.22 | 3-11 |
| 2011-12 2012-13 | കെ.എസ്.എ.കെ.കെ.ഡി./പി6 /1407/22(12)/27.10.22 | 3-12,4-1-1 |
| 2013-14 2014-15 | എൽ.എഫ്.കെ.കെ.ഡി.പി13/ 247//2016/തീ.23.9.2016 | 15(2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-12, 3-13, 3-14, 3-15, 4-10) |
| 2015-16 | എൽ.എഫ്.കെ.കെ.ഡി.പി13/ 1818//2016/തീ.25.3.2017 | 2(2-3, 3-2) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി6/668 /2021/തീ.17.6.2021 | 36 (2-1, 2-2, 2-3, 2-4, 2-5, 2-6, 2-7,2-8, 2-9, 2-10, 2-11, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, |

| | | |
|---|---|---|
| | | 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24,3-25, 3-26, 3-27, 4-9) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./പി6 /1407/22(16)/27.10.22 | 3-1 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./പി6/178/20 /20.2.20 | 6(1-9,1-13,1-19, 1-24,1-27 ) |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി./പി6 /1407/22(18)/27.10.22 | 5(1-9(1),1-9(2),1-13,1-22,1-32) |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്